(സി) മിൽമയുടെ വളർച്ചയ്ക്ക് ആവശ്യമായ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കിയ ദേശീയ ക്ഷീരവികസന ബോർഡ് മുന്നോട്ട് വച്ച വിപണനത്തിന് സംയുക്ത സംരംഭം എന്ന ആശയം മേഖലാ യൂണിയനുകളും ഫെഡറേഷനും ചർച്ച ചെയ്യുകയുണ്ടായി.

(ഡി) പാലിന്റെ വിപണനത്തിൽ പ്രതീക്ഷിച്ച 11 ശതമാനം വർദ്ധനവിനു പകരം 7.4 ശതമാനം മാത്രമേ നേടുവാനായുള്ളൂ. നെയ്യ്, തൈര്, സംഭാരം ഒഴികെ മറ്റെല്ലാ പാലുൽപ്പന്നങ്ങളുടേയും വിപണനം നേരത്തേയുണ്ടായിരുന്നതിൽ നിന്നും വളരെ കുറഞ്ഞു. തിരുവനന്തപുരം, മലബാർ മേഖലാ യൂണിയനുകൾക്ക് 2003-2004 വർഷം യഥാക്രമം 117.07 ലക്ഷം രൂപയും, 70.42 ലക്ഷം രൂപയും വരുമാനനഷ്ടം സംഭവിച്ചു.

കാർഷിക സർവ്വകലാശാലയുടെ ഗവേഷണ കേന്ദ്രങ്ങൾ

100 [3836] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നിലവിലുള്ള ഗവേഷണ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവ ഏത് കാലത്താണ് സ്ഥാപിക്കപ്പെട്ടതെന്നും അറിയിക്കാമോ;

(ബി) മാറിവരുന്ന കാർഷിക പരിസ്ഥിതികൾ അനുസരിച്ച് സർവ്വകലാശാല യിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(സി) കാർഷിക വിദ്യാഭ്യാസത്തിൽ നൂതനമായ കോഴ്സുകളും ഗവേഷണ കേന്ദ്രങ്ങളും ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും അവ സ്ഥാപിച്ച വർഷവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഉണ്ട്.

(സി) കാർഷിക സർവ്വകലാശാലയിൽ വിവിധ കോഴ്സുകൾ പുതിയതായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ ഈ വർഷം മുതൽ വെർച്വൽ യൂണിവേഴ്സിറ്റി നിലവിൽ വന്നിട്ടുണ്ട്.

കോഴിക്കുഞ്ഞുങ്ങളും കോഴിക്കൂടും നൽകുന്ന പദ്ധതി

101 [3837] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വനിത കൾക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങളേയും കോഴിക്കൂടും നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly